DD2-503/2018/LSGD

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ്-മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷനിൽ പ്രോഗ്രാം ഓഫീസർ(വർക്സ്) തസ്തിക സ്റ്റേറ്റ് എം.ജി.എൻ.ആർ.ഇ.ജി.എ. എഞ്ചിനിയർ എന്ന് പുനർ നാമകരണം ചെയ്യും നിയമന രീതി പരിഷ്കരിച്ചും ഉത്തരവാകുന്നു.

=====================================================================

**തദ്ദേശസ്വയംഭരണ(ഡിഡി) വകുപ്പ്**

**സ.ഉ.(കൈ) നം. 162/2018/തസ്വഭവ** **തിരുവനന്തപുരം, തീയതി, 08.11.2018**

=====================================================================

പരാമർശം: 1.സ.ഉ.(കൈ) നം.53/2009/ത.സ്വ.ഭ.വ തീയതി 18.04.2009

2.മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി മിഷൻ ഡയറക്ടറുടെ 16.10.2018-ലെ 9833/ഇ.ജി.എസ്.ഡി/18/ആർ.ഇ.ജി.എസ് നമ്പർ കത്ത്

**ഉത്തരവ്**

മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയുടെ നിർവ്വഹണത്തിനായി സംസ്ഥാനതലത്തിൽ എൻ.ആർ.ഇ.ജി.എ.സെൽ രൂപീകരിക്കുന്നതിനും ടി സെല്ലിൽ താൽകാലികമായി എട്ട് പ്രോഗ്രാം ഓഫിസർ തസ്തികകൾ സൃഷ്ടിക്കുന്നതിനും പരാമർശം (1) പ്രകാരം സർക്കാർ അനുമതി നൽകിയിരുന്നു. ടി തസ്തികകളിൽ ഒന്നായ പ്രോഗ്രാം ഓഫീസർ(വർക്സ്) തസ്തികയിൽ ബി.എസ്.സി (എൻജിനിയറിംഗ്)/സിവിൽ അഥവാ അഗ്രികൾച്ചർ എഞ്ചിനീയറിംഗിൽ ബിരുദവും കുറഞ്ഞത് 3 വർഷത്തെ പ്രവൃത്തി പരിചയവുമുള്ളവരെ (പ്രകൃതി വിഭവ പരിപാലനം, നീർത്തട വികസനം എന്നിവയിൽ പ്രവൃത്തി പരിചയമുള്ളവർക്ക് മുൻഗണന) കരാർ അടിസ്ഥാനത്തിൽ നിയമിക്കാനാണ് അനുവാദം നൽകിയിട്ടുള്ളത്. നിലവിൽ ടി തസ്തിക ഒഴിഞ്ഞുകിടക്കുകയാണെന്നും മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ്നിയമം 2014-ലെ ഭേദഗതിക്കു ശേഷം "ആസ്തി സൃഷ്ടിക്കൽ" പദ്ധതിയിലെ പ്രധാന ഘടകമായി തീർന്നിരിക്കുന്നതു കൊണ്ടും പ്രളയാനന്തര പുനർനിർമ്മാണ പ്രവർത്തനങ്ങളിൽ ദേശീയ തൊഴിലുറപ്പ് പദ്ധതി ഫലപ്രദമായി ഉപയോഗപ്പെടുത്തുന്നതിനുവേണ്ടിയും, സാങ്കേതിക പരിജ്ഞാനവും പ്രവൃത്തി പരിചയവുമുള്ള ഒരു എഞ്ചിനീയറുടെ സേവനം പദ്ധതിയുടെ നടത്തിപ്പിന് അത്യന്താപേക്ഷിതമാണെന്നും ആയതിനാൽ പരാമർശം (1) പ്രകാരം അനുവദിച്ചിട്ടുള്ള പ്രോഗ്രാം ഓഫീസർ (വർക്സ്) തസ്തിക സ്റ്റേറ്റ് എം.ജി.എൻ.ആർ.ഇ.ജി.എ.എഞ്ചിനിയർ എന്ന് പുനർ നാമകരണം ചെയ്യണമെന്നും കരാർ നിയമനം കൂടാതെ ഇറിഗേഷൻ/പൊതുമരാമത്ത്/തദ്ദേശ സ്വയംഭരണ(എഞ്ചിനിയറിംഗ് വിംഗ്) വകുപ്പുകളിൽ ഏതിൽ നിന്നെങ്കിലും അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയർ റാങ്കിലുള്ള ഉദ്യോഗസ്ഥനെ ഡെപ്യൂട്ടേഷൻ മുഖേന നിയമിക്കാൻ കഴിയുന്ന വിധം നിയമന രീതി പരിഷ്കരിക്കണമെന്നും പരാമർശം (2) പ്രകാരം മിഷൻ ഡയറക്ടർ അഭ്യർത്ഥിക്കുകയുണ്ടായി.

2. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. മേൽ വിവരിച്ച സാഹചര്യത്തിൽ മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി സംസ്ഥാന മിഷന്റെ പ്രവർത്തനം സുഗമമായി നടത്തുന്നതിനും ഉദ്ദേശ്യ ലക്ഷ്യങ്ങൾ കൈവരിക്കുന്നതിനും, പരാമർശം (1) പ്രകാരം സംസ്ഥാന മിഷനിൽ സൃഷ്ടിച്ചിട്ടുള്ള പ്രോഗ്രാം ഓഫീസർ (വർക്സ്) എന്ന തസ്തിക സ്റ്റേറ്റ് എം.ജി.എൻ.ആർ.ഇ.ജി.എ.എഞ്ചിനിയർ എന്ന് പുനർ നാമകരണം ചെയ്യും ടി തസ്തികയിലേയ്ക്ക് താഴെ പറയും പ്രകാരം നിയമനരീതി നിർവ്വചിച്ചും

DD2-503/2018/...

പരാമർശ ഉത്തരവ് ഭേദഗതി ചെയ്ത് ഉത്തരവാകുന്നു.

<u>നിയമനരീതി</u>

കരാർ നിയമനം.

OR

ഇറിഗേഷൻ/പൊതുമരാമത്ത്(റോഡ്സ്/ബിൽഡിംഗ്സ്)/തദ്ദേശ സ്വയംഭരണ(എഞ്ചിനിയറിംഗ് വിംഗ്) വകുപ്പുകളിലെ അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനിയറിൽ കുറയാത്ത റാങ്കിലുള്ള ഉദ്യോഗസ്ഥന്റെ ഡെപ്യൂട്ടേഷൻ മുഖേനയുള്ള നിയമനം.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)
**മിനി മോൾ എബ്രഹാം**
**അഡീഷണൽ സെക്രട്ടറി**

To
മിഷൻ ഡയറക്ടർ, മഹാത്മാ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി
ഗ്രാമ വികസന കമ്മീഷണർ
ചീഫ് എഞ്ചിനിയർ(ജലസേചനം)
ചീഫ് എഞ്ചിനിയർ(ഭരണം),പൊതുമരാമത്ത് വകുപ്പ്
ചീഫ് എഞ്ചിനിയർ(തദ്ദേശസ്വയംഭരണം)
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ(ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ), തിരുവനന്തപുരം.
തദ്ദേശസ്വയംഭരണ (ഇ.ആർ.എ) വകുപ്പ്
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ
കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ